"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

<u>സംഗ്രഹം</u>

പൊതുവിദ്യാഭ്യാസ വകുപ്പ്- ഹയർസെക്കന്ററി തുല്യതാപരീക്ഷ പുനർമൂല്യ നിർണയ ഫീസ് തിരികെ നൽകുന്നത് സംബന്ധിച്ച്- ഉത്തരവ് പുറപ്പെടുവിക്കുന്നു.

**പൊതുവിദ്യാഭ്യാസ (എസ്.സി) വകുപ്പ്**

സ.ഉ.(കൈ) നം.92/2022/GEDN തീയതി,തിരുവനന്തപുരം, 01-06-2022

പരാമർശം:-

1) 18/12/2006 തീയതിയിലെ സ.ഉ.(എം.എസ്) നം.296/2006/പൊ.വി.വ. ഉത്തരവ്.
2) 07/01/2022 ലെ പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ ഇ എക്സ്-IX-1/020143/2021/DGE നമ്പർ കത്ത്.

<u>ഉത്തരവ്</u>

ഹയർസെക്കന്ററി റഗുലർ വിദ്യാർത്ഥികൾക്ക് ഉത്തരക്കടലാസ് മൂല്യനിർണയം നടത്തുന്നത് വഴി 10 ശതമാനമോ അതിൽ കൂടുതലോ മാർക്ക് ലഭിക്കുകയാണെങ്കിൽ വിദ്യാർത്ഥികൾക്ക് പുനർമൂല്യ നിർണയത്തിനായി അടച്ച ഫീസ് തിരികെ നൽകാനായി പരാമർശം (1) പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

പ്രസ്തുത ഉത്തരവിലെ വ്യവസ്ഥകൾ പാലിച്ച് 10 ശതമാനമോ അതിൽ കൂടുതലോ മാർക്ക് ഹയർസെക്കന്ററി തുല്യതാ പരീക്ഷയുടെ പുനർ മൂല്യ നിർണയത്തിലും ലഭിച്ചാൽ പുനർമൂല്യ നിർണയത്തിനായി അടച്ച ഫീസ് പഠിതാക്കൾക്ക് തിരികെ നൽകുന്നതു സംബന്ധിച്ച് വ്യക്തത വരുത്തി നൽകുവാൻ പരാമർശം (2) പ്രകാരം പൊതുവിദ്യാഭ്യാസ ഡയറക്ടർ ആവശ്യപ്പെട്ടിരുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിൽ നിന്നും ഹയർസെക്കന്ററി തുല്യതാ പരീക്ഷയുടെ പുനർമൂല്യനിർണയത്തിലൂടെ 10 ശതമാനമോ അതിലധികമോ മാർക്ക് വ്യത്യാസം വരുന്ന വിദ്യാർത്ഥികൾക്ക് പുനർമൂല്യനിർണയത്തിനായി അടച്ച ഫീസ് തിരികെ നൽകേണ്ടതാണെന്നും അപ്രകാരം അനുവദിക്കേണ്ടി വരുന്നുവെങ്കിൽ പ്രസ്തുത ഉത്തരക്കടലാസ് ആദ്യം മൂല്യനിർണയം നടത്തിയ അദ്ധ്യാപകരിൽ നിന്നും മാന്വലിലെ വ്യവസ്ഥ പാലിച്ച് അവർക്ക് അനുവദിച്ച പ്രതിഫലം തിരിച്ച് പിടിക്കേണ്ടതാണെന്നും ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
SUNITHA.S.GEORGE
അണ്ടർ സെക്രട്ടറി

പകർപ്പ്:-
പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം
പൊതുവിദ്യാഭ്യാസ ഡയറക്ടർ, ഹയർസെക്കന്ററി വിഭാഗം, തിരുവനന്തപുരം
പൊതുജന സമ്പർക്ക പ്രസിദ്ധീകരണവിഭാഗം (വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
കരുതൽ ഫയൽ.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ